കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 3 | മേയ് 15 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ഞങ്ങളും കൃഷിയിലേക്ക് കേരളത്തിന്റെ കാർഷിക സംസ്കാരത്തെ വീണ്ടെടുക്കുന്ന പദ്ധതി മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ

3 മലബാറിന്റെ കാർഷിക സംസ്കൃതി ഉണർത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

6 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് (SIAD)

# മുഴുവൻ നെല്ലും സമയബന്ധിതമായി സംഭരിക്കും

## കുട്ടനാട് – അപ്പർ കുട്ടനാട് മേഖലയിലെ മുഴുവൻ നെല്ലും സമയബന്ധിതമായി സംഭരിക്കാൻ സർക്കാർ ഇടപെടൽ

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ കൊയ്ത്തുമായും, നെല്ല് സംഭരണവുമായും ബന്ധപ്പെട്ടുള്ള നിലവിലെ പ്രശ്നക്കാർക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന ഭക്ഷ്യ സിവിൽ സർവ്വീസ് വകുപ്പ് മന്ത്രിയും കൃഷിവകുപ്പ് മന്ത്രിയും സംയുക്തമായി, ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

പാടങ്ങളിൽ ശേഖരിച്ചിരിക്കുന്ന നെല്ല് ചുമതലപെടുത്തിയിരിക്കുന്ന മില്ല് ഉടമകൾ രണ്ടു ദിവസത്തിനിടെ പൂർണമായും സംഭരിക്കണമെന്നും ഇക്കാര്യത്തിലുള്ള അലംഭാവം ഗൗരവമായി കാണുമെന്നും മന്ത്രിമാർ അറിയിച്ചു.

ആവശ്യമെങ്കിൽ താൽക്കാലിക സ്റ്റോറേജ് സംവിധാനം ജില്ല ഭരണകൂടത്തിന്റെ സഹായത്തോടെ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകി . നെല്ലിന്റെ ഇനം, ഗുണമേന്മ എന്നിവ സംബന്ധിച്ച തർക്കങ്ങൾ ഉയരുകയാണെങ്കിൽ ജില്ലാ ഭരണകൂടം അടിയന്തിരമായി ഇടപെടണമെന്നും യോഗത്തിൽ സംബന്ധിച്ച ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ കളക്ടർമാർക്ക് യോഗം നിർദേശം നൽകി.

നെൽപ്പാടങ്ങളിൽ നിന്ന് യഥാസമയം നെല്ല് സംഭരിക്കുന്നു എന്നുറപ്പാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാഡി മാർക്കറ്റിംഗ് ഓഫീസർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുവാനും തീരുമാനമായി. ബന്ധപ്പെട്ട കൃഷി ഓഫീസർ ,നെല്ല് സംഭരണ ഓഫീസർ, ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന ഒരു ഡെപ്യൂട്ടി കളക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് തൽസ്ഥിതി എല്ലാ ദിവസവും ജില്ലാ കളക്ടറെ അറിയിക്കുവാനും തീരുമാനമായി. കൂടാതെ കൃഷി വകുപ്പ് സെക്രട്ടറി ,ഭക്ഷ്യ പൊതു വിതരണ സെക്രട്ടറി, കൃഷി ഡയറക്ടർ, സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു ഉന്നതതല സമിതി എല്ലാ രണ്ടു ദിവസങ്ങളിലും ജില്ലാ കളക്ടർറുമാരുമായി ബന്ധപ്പെട്ട് സ്ഥിതി വിശകലനം ചെയ്ത് മന്ത്രിമാർക്ക് റിപ്പോർട്ട് നൽകുവാനും യോഗം നിർദ്ദേശം നൽകി.

കൊയ്ത്ത് ഇനിയും പൂർത്തിയാകുവാനുള്ള പാടശേഖരങ്ങളിൽ അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രം എത്തിക്കുവാനുള്ള നടപടികൾ ഉടനടി കൈക്കൊള്ളുവാനും കാലവർഷം ആരംഭിക്കുന്നതിന്റെ മുമ്പ് തന്നെ കൊയ്ത്ത്, സംഭരണം എന്നിവ പൂർത്തീകരിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി. യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ, ഭക്ഷ്യ പൊതു വിതരണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ,കൃഷി ഡയറക്ടർ ,മില്ലുടമകളുടെ പ്രതിനിധികൾ ,ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



ചീഫ് എഡിറ്റർ - സുനിൽകുമാർ ആർ.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - ശ്രീകല എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ഞങ്ങളും കൃഷിയിലേക്ക് കേരളത്തിന്റെ കാർഷിക സംസ്കാരത്തെ വീണ്ടെടുക്കുന്ന പദ്ധതി

## മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ

സംസ്ഥാന സർക്കാറിന്റേയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റേയും. അഭിമാന പദ്ധതിയായ ഞങ്ങളും കൃഷിയിലേക്ക് കേരളത്തിന്റെ കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിനും കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ഒരു ബൃഹത് പദ്ധതിയാണ് എന്ന് വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ. നന്മണ്ട പഞ്ചായത്തിലെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനവും വിള ആരോഗ്യ കേന്ദ്രം ഉദ്ഘാടനവും നന്മണ്ട എ യു പി സ്കൂളിൽ വെച്ച് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



വിഷ ലിപ്തമായ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറികളും ഭക്ഷ്യവസ്തുക്കളും മലയാളിയെ ഗുരുതരമായ രോഗങ്ങളിലേക്ക് ആണ് തള്ളിവിടുന്നത്. വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറികളും മത്സ്യം, മാംസം, മുട്ട തുടങ്ങിയവയും സ്വയം വീട്ടിൽ ഉല്പാദിപ്പിക്കുവാൻ സഹായിക്കുന്ന ഒരു പദ്ധതിയാണ് ഞങ്ങളും കൃഷിയിലേക്ക്. ഈ പദ്ധതി പ്രകാരം എല്ലാവർക്കും കൃഷിയിലേക്ക് ഇറങ്ങുവാൻ സാധിക്കും.

ആരോഗ്യമുള്ള ഒരു ജനതയെ രൂപപ്പെടുത്തിയെടുക്കാൻ ഒരു കാർഷിക വിപ്ലവം തന്നെ സൃഷ്ടിക്കേണ്ടതായുണ്ടെന്ന് മന്ത്രി പറഞ്ഞു. ഭക്ഷണത്തിനായി ഉപയോഗിക്കുന്ന ഓരോ വസ്തുവും ശുദ്ധമായിരിക്കണം. കാർഷിക സംസ്കൃതി തിരിച്ചു പിടിക്കാനുള്ള പ്രവർത്തനങ്ങൾ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാവണമെന്നും മന്ത്രി പറഞ്ഞു.

എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുക, സുസ്ഥിരമായ ഒരു കാർഷിക മേഖല രൂപപ്പെടുത്തുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഞങ്ങളും കൃഷിയിലേക്ക്. പദ്ധതിയുടെ ഭാഗമായി നന്മണ്ട ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സർക്കാർ സ്ഥാപനങ്ങളിലും ഇതിനോടകം വിത്തുകൾ വിതരണം ചെയ്തുകഴിഞ്ഞു. തരിശുനിലങ്ങൾ കണ്ടെത്തി കൃഷി വ്യാപിപ്പിക്കാൻ ഒരുങ്ങുകയാണ് കൃഷിഭവനും പഞ്ചായത്തും. ഇതിനായി പഞ്ചായത്ത്, വാർഡ് തലങ്ങളിൽ സമിതികൾ രൂപവത്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വിജയിപ്പിക്കേണ്ടത് ഓരോ മലയാളിയുടെയും ഉത്തരവാദിത്വമാണ്. ഈ പദ്ധതിയുടെ വിജയം കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ നന്മണ്ട കൃഷി ഓഫീസർ ശ്രീ. ടി.കെ. നസീർ സ്വാഗതം പറഞ്ഞു. നന്മണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. കൃഷ്ണവേണി മാണിക്കോത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ കൃഷി ഓഫീസർ ശ്രീ. ശശി പൊന്നണ പദ്ധതി വിശദീകരണം നടത്തി. ചേളന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. കെ.ജി. ഗീത ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മികച്ച മുതിർന്ന കർഷകരായ ശ്രീ. ഗോപാലൻനായർ കപ്പള്ളി, ശ്രീ. ചാത്തു തരിയിൽ എന്നിവരെ ചടങ്ങിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.പി. സുനിൽകുമാർ ആദരിച്ചു. നന്മണ്ട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. സി.കെ. രാജൻ മാസ്റ്റർ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. ഹരിദാസൻ ഈച്ചരോത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. റസിയ തോട്ടായി, മറ്റ് ജനപ്രതിനിധികളായ ശ്രീമതി. പ്രതിഭ രവീന്ദ്രൻ, ശ്രീ. കുണ്ടൂർ ബിജു, ശ്രീമതി. കവിതാ വടക്കേടത്ത്, ശ്രീമതി. നിത്യ കല, നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയരാജൻ പി. നന്മണ്ട വെറ്റിനറി സർജൻ ഡോ. ശ്രീജാ കെ, നന്മണ്ട വില്ലേജ് ഓഫീസർ ശ്രീമതി. ജിനി എ.കെ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കൃഷി അസിസ്റ്റന്റ് ശ്രീ. ഗിരീഷ് കുമാർ പി നന്ദി പറഞ്ഞു.

# മലബാറിന്റെ കാർഷിക സംസ്കൃതി ഉണർത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

മലബാറിന്റെ തനതായ കാർഷിക സംസ്കാരം വിളിച്ചോതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒരുക്കിയിരിക്കുന്ന സ്റ്റാളുകളും കാലാവസ്ഥ അനുസൃത കൃഷിയുടെ പ്രദർശന തീം പാർക്കും എന്റെ കേരളം പ്രദർശന വിപണന മേളയുടെ പ്രധാന ആകർഷണമായി.

കാർഷിക വിളകൾക്ക് ഒപ്പം മൃഗ പരിപാലനം, മത്സ്യ കൃഷി, തേനീച്ച വളർത്തൽ, ജലസംഭരണി തുടങ്ങിയവ ഉൾകൊള്ളുന്ന ഒരു ജൈവ ഗൃഹം മാതൃകയിൽ ആണ് തീം ഏരിയ ഒരുക്കിയിരിക്കുന്നത്. കവുങ്ങ്, തെങ്ങ്, സപ്പോട്ട, സീതപ്പഴം, കുടംപുളി, കറിവേപ്പ്, പേര, കുരുമുളക്, വെസ്റ്റ് ഇന്ത്യൻ ചെറി തുടങ്ങി ഒട്ടനവധി നടീൽ വസ്തുക്കളുമായി മലപ്പുറം ജില്ലാ കൃഷിതോട്ടവും. മേളയുടെ ഭാഗമായി ഒരുക്കി.

ആധുനിക കൃഷി രീതികൾ, കൃത്യതാ കൃഷി ജലസേചന മാതൃകകൾ, ഗ്രോബാഗ് കൃഷി,കൂൺ കൃഷി മുതലായ കാർഷിക അറിവുകളും ഇവിടെ നിന്നും കർഷകർക്ക് ലഭിച്ചു.

കൃഷിഭവന്റെ സേവനങ്ങളും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷിരീതികളും ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു. മേളയോടനുബന്ധിച്ച് വിവിധ കാർഷിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള സെമിനാറുകളും കർഷക സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

കൃഷി വകുപ്പിന്റെയും സംസ്ഥാന സർക്കാറിന്റെയും അഭിമാന പദ്ധതിയായ "ഞങ്ങളും കൃഷിയിലേക്ക്"



മേളയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. ഈ പദ്ധതിയുടെ ആശയത്തിൽ ഊന്നി കൃഷിവകുപ്പ് ഒരുക്കിയ വിവിധ സ്റ്റാളുകളോടൊപ്പം മണ്ണ് ജല സംരക്ഷണ കേന്ദ്രം, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾ, എല്ലാ കാർഷിക പദ്ധതികളുടെയും വിശദവിവരങ്ങളും നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമായിരുന്നു. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തി അഗ്രോ എൻജിനീയറിങ് വിഭാഗവും ഉണ്ടായിരുന്നു.

ഇത് കൂടാതെ കേരള കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ, തവനൂർ കൃഷി വിജ്ഞാൻ കേന്ദ്ര, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, മുണ്ടേരി കേരള സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാർഷിക സർവീസ് സൊസൈറ്റികൾ, കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തി അഗ്രോ എൻജിനീയറിങ് വിഭാഗം, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജി വിഭാഗം, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മലപ്പുറം ആത്മ എന്നിവയുടെ സേവനങ്ങളും ജാം,ജെല്ലി,സ്ക്വാഷ്,മിഠായികൾ, അച്ചാറ്, വിവിധയിനം നടീൽ വസ്തുക്കൾ, മണ്ണിരകമ്പോസ്റ്റ് തുടങ്ങി ഒട്ടനവധി ഉത്പന്നങ്ങളും കൊണ്ട് മേള ശ്രദ്ധേയമായി

നവ സംരംഭകരെ ആകർഷിക്കുന്നതിനായി വിപുലമായ രീതിയിൽ സ്റ്റാൾ സജ്ജീകരിച്ചിരിക്കുകയാണ് മൃഗ സംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും. മൃഗസംരക്ഷണമേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനായി സെമിനാറുകളും സംഘടിപ്പിച്ചു.

# 'ഞങ്ങളും കൃഷിയിലേക്ക്' എന്നത് സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തതക്കുള്ള പദ്ധതി : ശ്രീ. വി. ശിവൻകുട്ടി

ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി സംസ്ഥാനത്തിന്റെ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണെന്ന് വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ സംസ്ഥാന കൃഷിവകുപ്പ് വിവിധ

വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വലിയശാല ഗവ.എൽ.പി.സ്കൂൾ അങ്കണത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഭക്ഷ്യ -സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിലിന്റെ അധ്യക്ഷതയിലായിരുന്നു ചടങ്ങുകൾ സംഘടിപ്പിക്കപ്പെട്ടത്.

ഉത്പാദനം മുതൽ വിപണനം വരെയുള്ള പ്രക്രിയകൾക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തനങ്ങളാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. കൃഷി ലാഭകരമാകണമെങ്കിൽ നൂതന സാങ്കേതിക വിദ്യകളുടെ സമന്വയം കൂടി പരമ്പരാഗത കൃഷി രീതിയിൽ ഉണ്ടാകണം. കാർഷികവൃത്തിയെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാറിനുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

കാർഷിക ഉത്പാദന രംഗത്ത് കഴിഞ്ഞ ആറ് വർഷത്തെ ഇടപെടലുകൾ ഫലവത്തായിട്ടുള്ളതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിൽ അഭിപ്രായപ്പെട്ടു. സർക്കാരിന്റെ സഹായ പദ്ധതികൾ മേഖലയ്ക്ക് പുത്തനുണർവ് പകർന്നിട്ടുണ്ട്. എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരാനുള്ള ഉദ്യമമാണ് ഇപ്പോൾ സർക്കാർ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ ആറ്റിപ്ര പഞ്ചായത്തിലെ ശ്രീ. പി. ഗംഗാധരൻ എന്ന കർഷകനെ വിദ്യാഭ്യാസ മന്ത്രി ആദരിച്ചു. പച്ചക്കറി വിത്തുകളുടെ വിതരണോദ്ഘാടനം തിരുവനന്തപുരം കോർപ്പറേഷൻ മേയർ കുമാരി. ആര്യ രാജേന്ദ്രൻ കർഷകനായ ഗംഗാധരന് വിത്തുകൾ നൽകിക്കൊണ്ട് നിർവ്വഹിച്ചു. സ്കൂൾ അങ്കണത്തിലെ പച്ചക്കറിതോട്ട നിർമ്മാണോദ്ഘാടനം മന്ത്രിമാരും മേയറും ചേർന്ന് പച്ചക്കറി തൈകൾ നട്ടുകൊണ്ട് നിർവഹിച്ചു.




സുഭിക്ഷ കേരളം പദ്ധതിയിലൂടെ നഗര പ്രദേശങ്ങളിൽ പോലും തരിശു നില കൃഷി നടത്താനായെന്ന് മേയർ അഭിപ്രായപെട്ടു. പ്രാദേശികമായി ധാരാളം ജനങ്ങളെ കൃഷിയുടെ ഭാഗമാക്കുവാൻ കഴിഞ്ഞെന്നും വെർട്ടിക്കൽ ഗാർഡൻ, മട്ടുപ്പാവ് കൃഷി എന്നിവയിലേക്ക് സാധാരണക്കാരെ പോലും ആകർഷിക്കുവാൻ സർക്കാർ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടെന്നും മേയർ പറഞ്ഞു.

ചടങ്ങിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ (ഇൻ ചാർജ്) ശ്രീ. ബൈജു.എസ്. സൈമൺ, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. രാജേശ്വരി എസ്.ആർ, വലിയശാല എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. ജെ.പ്രീത, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ജയറാണി എൽ.എസ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ പ്രചരണാർത്ഥം സെക്രട്ടറിയേറ്റിനു മുന്നിലും പാളയം, വികാസ്ഭവൻ എന്നീ കേന്ദ്രങ്ങളിലും ജില്ലാ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനാടകവും അരങ്ങേറുകയുണ്ടായി.

# പൂരം പ്രദർശനമൈതാനത്തിൽ കാർഷിക സർവകലാശാലയുടെ ഗംഭീര സ്റ്റാൾ

തൃശ്ശൂർ പൂരപ്പെരുമ വിളംബരം ചെയ്യുന്ന പൂരം എക്സിബിഷനിൽ വൻ തിരക്കാണ് അനുഭവപ്പെട്ടത്. കൃഷിയോടുള്ള മലയാളികളുടെ ആത്മബന്ധം തന്നെയാണ് കാർഷിക സർവകലാശാലയുടെ സ്റ്റാളിൽ അനുഭവപെടുന്ന തിരക്ക് സൂചിപ്പിച്ചു. വെള്ളാനിക്കരയിൽ സ്ഥിതി ചെയ്യുന്ന കാർഷിക സർവ്വകലാശാലാ കവാടത്തെ അനുസ്മരിപ്പിക്കും വിധം തയ്യാറാക്കിയ ബൃഹത് പ്രദർശന വിൽപ്പന ശാലയിൽ 12 സ്റ്റാളുകൾ ആണ് ഒരുക്കിയിട്ടുണ്ടായിരുന്നത്.

ഇവിടെ വികസിപ്പിച്ചെടുത്ത അത്യുത്പാദന ശേഷിയുള്ള വിവിധ നെല്ലിനങ്ങളുടെ പ്രദർശനം കാണികളിൽ താത്പര്യം ഉണർത്തുന്നവയാണ്. പ്രത്യേക ഭൂപ്രദേശത്ത് നിർമിക്കപ്പെടുന്ന കാർഷിക വ്യാവസായിക കരകൗശല ഉൽപന്നങ്ങളെയും ഭക്ഷ്യ വിഭവങ്ങളെയും പ്രകൃതി വിഭവങ്ങളെയും ഭൂപ്രദേശ സൂചകങ്ങൾ ആയി സംരക്ഷിക്കാം. ഇതിന് വേണ്ട പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന തിന്നായി IPR സെല്ലിന്റെ പ്രവർത്തനം വിശദീകരിക്കുന്ന സ്റ്റാളും ഇവിടെയുണ്ടായിരുന്നു.

വർധിച്ച സാന്ദ്രതയുള്ള തെങ്ങിൻ തടി ഉപയോഗിച്ച് വിവിധ തരം ഫർണീച്ചറുകൾ ലാഭകരമായി നിർമ്മിക്കാ

നള്ള സാങ്കേതിക വിദ്യയുടെ പ്രദർശനവും ഫോറസ്ട്രി കോളേജ് സ്റ്റാളിൽ ഉണ്ടായിരുന്നു. കാർഷിക മേഖലയിൽ നടപ്പിലാക്കാവുന്ന സംരംഭക സാധ്യതകളെ കുറിച്ച് വിജ്ഞാനം പകരുന്ന അഗ്രി ബിസിനസ് ഇങ്കുബേറ്റർ ഇൻഫർമേഷൻ ഡസ്കും ഇവിടെ സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

സർവ്വകലാശാല വികസിപ്പിച്ചെടുത്ത വിവധ യന്ത്രങ്ങളും ഇവിടെ പ്രദർശിപ്പിച്ചു. ഇതിൽ സന്ദർശകരുടെ ശ്രദ്ധ ആകർഷിച്ച യന്ത്രങ്ങൾ ആണ് കുമ്മായം വിതറുന്ന യന്ത്രം, തെങ്ങിൻ തടം എടുക്കുന്ന യന്ത്രം, ചാൽ കീറുന്ന യന്ത്രം, തേങ്ങാപ്പാൽ പിഴിയുന്ന യന്ത്രം, ചുർക്കതൊലി അനായാസം കളയുന്ന യന്ത്രം, വരിനെല്ലിനെ നിയന്ത്രിക്കുന്ന വീഡ് വൈപ്പർ, പച്ചക്കറി നുറുക്കൽ യന്ത്രം, വിവിധ കള നിയന്ത്രണ യന്ത്രങ്ങൾ എന്നിവ.



കശുമാവ് ഗവേഷണ കേന്ദ്രത്തിന്റെ തനതു ഉത്പന്നമായ കാഷ്യൂസോഡ സന്ദർശകരുടെ നാവിൽ പുതുരുചി പകർന്നു. ചോക്ലേറ്റിന്റെ രുചിഭേദങ്ങൾ നുണഞ്ഞറിയാൻ കോകോ ഗവേഷണ കേന്ദ്രത്തിന്റെ ഉല്പന്നങ്ങളും ലഭ്യമായിരുന്നു.

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവധ കേന്ദ്രങ്ങളിൽ ഉത്പാദിപ്പിക്കുന്ന അത്യുത്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ, തൈകൾ, ഫലവർഗ ഗ്രഫ്റ്റുകൾ, ഔഷധ സസ്യങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയും വിൽപനക്ക് ലഭ്യമായിരുന്നു. ഇതോടൊപ്പം ജൈവനിവേശങ്ങളായ സ്യൂഡോമോണസ്, ട്രൈക്കോഡെർമ എന്നിവയും വിവിധ തരം കമ്പോസ്റ്റും വിൽപ്പനയ്ക്ക് സജ്ജീകരിച്ചിരുന്നു. സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന നിരവധി പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തിയതിനോടൊപ്പം ത്രൈമാസികയായ 'കൽപധേനു ' വിന്റെ വരിക്കാരാവാനുള്ള അവസരവും ഇവിടെ ഒരുക്കിയിട്ടുണ്ടായിരുന്നു.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ കോഴിക്കോട് ജില്ലതല ഉദ്ഘാടനം ബഹു : പൊതുമരാമത്ത് ടൂറിസം വകുപ്പുമന്ത്രി ശ്രീ. പി എ.മുഹമ്മദ് റിയാസ് നിർവഹിക്കുന്നു



# 'ഞങ്ങളും കൃഷിയിലേക്ക്'

## കുടപ്പനക്കുന്ന് കൃഷിഭവനിൽ എംഎൽഎ ശ്രീ. വി. കെ പ്രശാന്ത് ഉദ്ഘാടനം ചെയ്തു

സർക്കാരിന്റെ രണ്ടാം നൂറുദിനപരിപാടികളോടനുബന്ധിച്ച് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയുടെ കൃഷി ഭവൻ തല ഉദ്ഘാടനം കുടപ്പനക്കുന്ന് കൃഷിഭവനിൽ എംഎൽഎ ശ്രീ. വി.കെ. പ്രശാന്ത് നിർവഹിച്ചു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷിഭവൻ ഉദ്യോഗസ്ഥരും കാർഷിക കർമസേനയും സംയുക്തമായി ഒരുക്കിയ "പഠിക്കാൻ കൃഷിയിടം" എന്ന



മാതൃക തോട്ടത്തിൽ തൈകൾ നട്ടു കൊണ്ടാണ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചത്. "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയിൽ പഞ്ചായത്തിലെ കുടുംബശ്രീയും ഭാഗമായി. കുടുംബശ്രീക്കുള്ള വിത്തുകളുടെയും തൈകളുടെയും വിതരണോദ്ഘാടനം കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. മിനി. സി എൽ നിർവഹിച്ചു. "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായുള്ള പ്രതിജ്ഞ എംഎൽഎ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്ന എല്ലാവർക്കുമായി ചൊല്ലി കൊടുക്കുകയും ചെയ്തു. പാതിരപ്പള്ളി വാർഡ് കൗൺസിലർ ശ്രീമതി. കസ്തൂരി എം.എസിന്റെ അധ്യക്ഷതയിൽ കിണാവൂർ വാർഡ് കൗൺസിലർ ശ്രീമതി. സുഗതകുമാരി.എസ് യോഗത്തിന് സ്വാഗതം ആശംസിക്കുകയും കൃഷിഓഫീസർ ശ്രീമതി. സ്നേഹമോൾ സേവ്യർ പദ്ധതി വിശദീകരിക്കുകയും ചെയ്തു. യോഗത്തിൽ നെടുമങ്ങാട് കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഡോ: ജോമി ജേക്കബ്, കാർഷിക വികസന സമിതി അംഗങ്ങൾ, കർമ്മ സേന അംഗങ്ങൾ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. കുടുംബശ്രീ, പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ,കർഷകർ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ വെണ്ട, കത്തിരി, പയർ, പച്ചമുളക്, തുടങ്ങിയവയുടെ വിത്തും തൈകളും ഓരോ കുടുംബശ്രീകൾക്കും കർഷക സംഘത്തിനും റെസിഡൻസ് അസോസിയേഷനുമായി വിതരണം ചെയ്തു. കർഷക സംഘങ്ങളുടെയും വനിത കൂട്ടായ്മകളുടെയും യുവജനങ്ങളുടെയും ആഭിമുഖ്യത്തിൽ ഞങ്ങളും കൃഷിയിലേക്ക് എന്ന സന്ദേശം ഉൾക്കൊള്ളുന്ന നാടോടി നൃത്തവും വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ. അജയകുമാർ കൃതജ്ഞത അറിയിച്ചു.

# സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് (SIAD)

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ, സംസ്ഥാന തല രോഗ നിർണ്ണയ സ്ഥാപനമായ പാലോട്ടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് (SIAD) ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ മൃഗങ്ങളുടെ രോഗ നിരീക്ഷണം, പരിശോധന, രോഗ നിർണ്ണയം, മൃഗസംരക്ഷണ മേഖലയിലെ ഉദ്യോഗസ്ഥരുടെ പരിശീലനം, ഗവേഷണം തുടങ്ങിയവയാണ്. കൃത്യമായ രോഗ നിർണ്ണയത്തിനുള്ള ചില നൂതന വിദ്യകളും പ്രവർത്തന സംരംഭങ്ങളും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ചിഞ്ചു റാണി സിയാദിൽ ഉദ്ഘാടനം ചെയ്തു.



### RFFIT – Rapid Flourescent Focus Inhibition Test

സിയാദിൽ 2003 ൽ ആരംഭിച്ച പേവിഷ ബാധാ നിർണ്ണയ ലബോറട്ടറി, ഇന്ന് രാജ്യത്തെ അംഗീകരിക്കപ്പെട്ട ലബോറട്ടറികളിൽ ഒന്നാണ്. NABL അംഗീകാരമുള്ള (ISO സർട്ടിഫിക്കേഷനുള്ള) ഈ ലബോറട്ടറി, മൃഗങ്ങളിലെ പേവിഷബാധാ നിർണ്ണയത്തിന്റെ കേരളത്തിലെ അപ്പെക്സ് ലാബോറട്ടറിയായി പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം മനുഷ്യരിലെ പേവിഷ ബാധാ രോഗ നിർണയം നടത്തി നൽകുന്നതും ഈ ലബോറട്ടറിയാണ്.

ചികിൽസിച്ച് ഭേദമാക്കാൻ നിർവ്വാഹമില്ലാത്ത പേവിഷ ബാധ തടയുന്നതിനുള്ള, ഒരേ ഒരു മാർഗ്ഗമാണ് പ്രതിരോധ കുത്തിവയ്പ്പ് അഥവാ വാക്സിനേഷൻ. ഈ കുത്തിവയ്പ്പ് മൂലം സജ്ജമാകുന്ന പ്രതിരോധ ശേഷിയുടെ അളവ് നിർണ്ണയിക്കുവാൻ പറ്റുന്ന പരിശോധനാ രീതിയാണ് ഉദ്ഘാടനം ചെയ്ത RFFIT എന്ന ടെസ്റ്റ്. പേവിഷ രോഗ പ്രതിരോധ ശേഷി അളക്കുന്നതിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരമുള്ളതും ഈ ടെസ്റ്റിനാണ്. കേരളത്തിൽ ആദ്യമായിട്ടാണ് ഇപ്രകാരമൊരു സംവിധാനം നിലവിൽ വരുന്നത്. രാജ്യത്ത് തന്നെ ചുരുക്കം ചില ലബോറട്ടറികളിൽ മാത്രമേ ഈ സൗകര്യം നിലവിലുള്ളൂ. പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്ന മൃഗങ്ങളി ലേയും മനുഷ്യരിലേയും പ്രതിരോധശേഷി (antibody titre) നിർണ്ണയിക്കാൻ വേണ്ടിയുള്ള ഈ ടെസ്റ്റ് പ്രതിരോധ കുത്തിവയ്പ്പ് നിയന്ത്രണ പദ്ധതികളുടെ ഫലപ്രാപ്തി കണ്ടുപിടിക്കാനും, പേവിഷബാധ നിർമ്മാർജ്ജനത്തിനും സഹായകമാകും. മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്ന വളർത്തുമൃഗങ്ങളുടെ എക്സ്പോർട്ട് സർട്ടിഫിക്കേഷൻ നൽകുവാൻ ഇത് ഉപയോഗിക്കുകയും ചെയ്യാം.

### Chip based PCR (Truenat PCR)

പേവിഷബാധ രോഗനിർണ്ണയം താഴെ തട്ടിലേയ്ക്ക് വ്യാപിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ട്രൂനാറ്റ് പി.സി.ആർ. എന്ന മിനി പി.സി.ആർ ടെസ്റ്റിന്റെ പ്രായോഗികത ഈ സ്ഥാപനത്തിൽ കഴിഞ്ഞ 4 വർഷമായി നടത്തിയത്. പഠനഫലങ്ങളുടെ വെളിച്ചത്തിൽ ഈ ടെസ്റ്റ് വളരെ പെട്ടെന്ന് ഒന്നര മണിക്കൂർ റിസൽറ്റ് തരുന്നതും, കൃത്യതയുള്ളതും കുറഞ്ഞ പ്രായോഗിക പരിചയത്തിൽ തന്നെ ചെയ്യാവുന്നതുമാണ് എന്ന് തെളിഞ്ഞിട്ടുണ്ട്.

അത് പോലെ തന്നെ നവീകരിച്ച ട്രെയിനിംഗ് ഹാൾ, ലൈബ്രറി – കം – ബോർഡ് റൂം, എന്നിവയുടെ ഉദ്ഘാടനവും ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ) ലിറ്ററസി ക്യാംപെയിൻ – പോസ്റ്റർ റിലീസും നടത്തപ്പെട്ടു.

# കേരള ഫീഡ്സ് ലിമിറ്റഡ്

കാലിത്തീറ്റ ഉത്പാദന വിപണന രംഗത്ത് കാലോചിതമായ മാറ്റത്തിന് നേതൃത്വം നൽകിവരികയാണ് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡ്. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ കേരള ഫിഡ്സ് ലിമിറ്റഡിന്റെ ആദ്യ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 1998ൽ പൂർത്തീകരിക്കുകയും 1999 വർഷം മുതൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുകയും ചെയ്തു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഫാക്ടറിയായി അക്കാലയളവിൽ അറിയപ്പെട്ട കേരള ഫീഡ്സ് ലിമിറ്റഡ് ഒരു യൂണിറ്റിൽ നിന്നും തുടങ്ങി ആറ് യൂണിറ്റുകളിലേയ്ക്ക് കമ്പനിയുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുകയുണ്ടായി. കേരള ഫീഡ്സിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ചില പുതിയ സംരംഭങ്ങൾക്ക് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി തുടക്കം കുറിക്കുകയുണ്ടായി. ക്ഷീരകർഷകർക്ക് ലാഭകരമായ



പശുപരിപാലനം എങ്ങനെ സാധ്യമാക്കാം എന്നതിനെ കുറിച്ചും ക്ഷീരമേഖലയിലെ ശാസ്ത്രീയ രീതികളും നൂതന അറിവുകൾ പകർന്നു നൽകുന്നതിനുമായി കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് കോംപൗണ്ടിൽ നിർമ്മാണം പൂർത്തിയാക്കിയ പുതിയ ഫെസിലിറ്റേഷൻ സെന്റർ (FACE) ന്റെ ഉദ്ഘാടനം, ഉത്പന്നങ്ങളായ 2 മാസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾക്കുള്ള ചിക്ക് മാഷ്, കറവപ്പശുക്കളുടെ ഊർജ്ജക്കുറവ് പരിഹരിക്കാനും പാലുത്പാദനം കൂട്ടുവാനും സഹായിക്കുന്ന മിൽക്ക് ബൂസ്റ്റർ, 20 KG പുതിയ പായ്ക്കിംഗിൽ കാഫ് സ്റ്റാർട്ടർ എന്നിവയുടെ വിപണനോദ്ഘാടനവും മന്ത്രി നിർവഹിച്ചു. കമ്പനിയുടെ പരിഷ്കരിച്ച ഔദ്യോഗിക വെബ്സൈറ്റ് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു പൊതുജനങ്ങൾക്കായി സമർപ്പിച്ചു.

# ‘വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്’

കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ക്ഷീരവികസനവകുപ്പിന്റെ 2021 -2022 വാർഷിക പദ്ധതി പ്രകാരം, ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ നെൽപാടങ്ങളിലെ വൈക്കോൽ സംഭരിച്ച് ബെയ്ലിംഗ് (കെട്ടുകൾ) നടത്തി ക്ഷീരകർഷകർക്ക് വിലക്കുറവിൽ വൈക്കോൽ വിതരണം ചെയ്യുന്നതിനും നെൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന "വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ്" എന്ന ഒരു നൂതന പദ്ധതി തൃശ്ശൂർ ജില്ലയിലെ ആട്ടോർ-പോട്ടോർ ക്ഷീരോൽ പാദക സഹകരണ സംഘത്തിൽ ആരംഭിച്ചു. സംഘം പ്രവർത്തനം ആരംഭിച്ച് 25 വർഷം പൂർത്തിയാകുന്ന അവസരത്തിൽ സംഘത്തിന്റെ സിൽവർ ജൂബിലി ആഘോഷ പരിപാടികളുടെയും വൈക്കോൽ ബെയ്ലിംഗ് യൂണിറ്റിന്റേയും ഉദ്ഘാടനം ആട്ടോർ - പോട്ടോർ ക്ഷീരസഹകരണ സംഘം പരിസരത്തുവെച്ച് വടക്കാഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവഹിച്ചു.



# ഇടുക്കിയിൽ നിന്നും പഴുത്ത തൊലികളഞ്ഞ ചക്ക യു.കെയിലേക്ക്

അഗ്രിക്കൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രൊഡക്ട്സ് ഡെവലപ്പ്മെന്റ് അതോറിറ്റിയും (APEDA) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും ചേർന്ന് 2022 ഏപ്രിൽ 29-ന് ഇടുക്കിയിൽ നിന്നും യു.കെ യിലേക്ക് വിമാനത്തിലൂടെയുള്ള ചക്കപ്പഴം കയറ്റുമതി ഫ്ളാഗ് ഓഫ് ചെയ്തു. ഓൺലൈനായി നടന്ന ഫ്ളാഗ് ഓഫ് പരിപാടിയിൽ കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മാനേജിംഗ് ഡയറക്ടർ ശ്രീമതി. ആരതി എൽ.ആർ. ഐ.ഇ.എസ്, എസ്.എസ്.നയ്യാർ, APEDA ജനറൽ മാനേജർ, ശ്രീ. യു.കെ. വാട്സ്. ജനറൽ മാനേജർ, APEDA, ഡോ. സുദർശൻ APEDA സെക്രട്ടറി, APEDA-യിലെ ഉദ്യോഗസ്ഥർ, യു.കെ-യുടെ പ്രതിനിധി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കേരളത്തിന്റെ തനതുപഴമായ ചക്ക ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് എത്തിക്കുന്ന ശ്രമത്തിന്റെ ആദ്യഘട്ടമായാണ് APEDA ഫ്ളാഗ് ഓഫ് ചടങ്ങ് സംഘടിപ്പിച്ചത്. ഏറ്റവും അണുവിമുക്തമായ അന്തരീക്ഷത്തിൽ വൃത്തിയായി തൊലി കളഞ്ഞ ചക്ക ചുളകളാക്കി ഇറക്കുമതി രാജ്യത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി വായു കടക്കാത്ത പായ്ക്കറ്റുകളാക്കിയാണ് കയറ്റുമതി ചെയ്യുന്നത്. ചക്ക ലഭ്യത ഉറപ്പാക്കുന്നത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനാണ്. കയറ്റുമതി ചെയ്യുന്ന ചക്ക 14 ദിവസം കേടുകൂടാതിരിക്കും.

'M/s. Kay Bee Exporters' ആണ് ചക്ക കയറ്റുമതി ചെയ്യുന്നത്.പച്ചക്കറി മാത്രം കഴിക്കുന്നവർക്ക് ഇറച്ചിക്ക് പകരം വയ്ക്കാവുന്ന ഒരു വിഭവമാണ് ചക്ക. ചക്കയിൽ ധാരാളം പ്രോട്ടീൻ അടങ്ങിയിരിക്കുന്നു. ഉഷ്ണമേഖലാ പഴമായ ചക്കയിൽ അന്നജം, പ്രോട്ടീനുകൾ, ധാതുലവണങ്ങൾ, വൈറ്റമിനുകൾ, ഫൈറ്റോക്കെമിക്കലുകൾ എന്നിവ സമൃദ്ധമായി ഉണ്ട്. ചക്കച്ചുളയും കുരുവും, ജ്യൂസ്, ജാം, ജെല്ലി, ഐസ്ക്രീം എന്നിവ ഉണ്ടാക്കാനും ഉപയോഗിക്കാവുന്നതാണ്.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh